# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആനക്കയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 27/3005/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/01/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനക്കയം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആനക്കയം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കയം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ്.എം.പി.എം 27/3005/25 തീയ്യതി: 23/01/2026

## മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-07-2024 മുതൽ 15-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ്.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2025 | 24-12-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2025 | 24-12-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ആലസ്സൻ കുട്ടി.യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സക്കീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിസ് ബാബു.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അടോട്ട് ചന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ബിന്ദു വി ആർ | സെക്രട്ടറി | 27-04-2024 | 03-10-2024 |
| ഒഴിവ് | സെക്രട്ടറി | 04-10-2024 | 04-10-2024 |
| ശ്രീ. അജയഘോഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2024 | 18-10-2024 |
| ശ്രീ. അനീഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-10-2024 | 04-01-2025 |
| ശ്രീമതി. രാജശ്രീ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2025 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി. മഞ്ജു എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജു എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 06-09-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 07-09-2024 | 06-11-2024 |
| ശ്രീമതി. ദീപ ഒ.പി | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2024 | 30-12-2024 |
| ശ്രീമതി. രാജശ്രീ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2025 | 31-03-2025 |
| ശ്രീമതി.നവ്യ എ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വൈശാഖ് കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഷബ്ന പർവ്വീൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ ഷുക്കൂർ എം ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. ദിവ്യ കെ രാജ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. അബ്ദുൾ ബഷീർ സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. അതുൽ ടോമി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് അഷ്റഫ് സി.പി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ.ഫയാസ് കെ | വി ഇ ഒ | 01-04-2024 | 18-06-2024 |
| ശ്രീ. വിനോദ്കുമാർ കെ | വി ഇ ഒ | 19-06-2024 | 07-08-2024 |
| ശ്രീ.ഫയാസ് കെ | വി ഇ ഒ | 08-08-2024 | 31-03-2025 |
| ശ്രീമതി. ജസീന മോൾ കറുകമണ്ണിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 15-08-2024 |
| ശ്രീമതി. സുമ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ | 1-1-3 |
| 5 | ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-1-5 |
| 7 | മുൻകൂർ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല. | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലോൺ രജിസ്റ്ററിലെ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാധ്യത ശീർഷകങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | രേഖകൾ ഹാജരാക്കിയില്ല. | 1-1-10 |
| 12 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകത | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ്പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ. | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 23 | ജലജീവൻ മിഷൻ പദ്ധതി- അവലോകനം | 1-12 |
| 24 | മരാമത്ത് പ്രവൃത്തികളിൽ ഡ്രൈനേജ് പ്രവൃത്തികൾക്ക് വേണ്ടി മണ്ണ് നീക്കം ചെയ്തതിന് അധിക നിരക്ക് നൽകിയത് ഓഡിറ്റ് അന്വേഷണക്കുറിപ്പിനെതുടർന്ന് തിരിച്ചടച്ചു | 1-13 |
| 25 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു. | 1-14 |
| 26 | മെൻസ്ട്രുവൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-15 |
| 27 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-16 |
| 28 | മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല. | 1-17 |
| 29 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-18 |
| 30 | മരാമത്ത് പ്രവൃത്തികൾ -പൂർത്തീകരണ കാലാവധി ദീർഘീകരണം- പിഴ ഈടാക്കിയില്ല- വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 31 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല. | 1-20 |
| 32 | കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം. | 1-21 |
| 33 | കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 34 | ആനക്കയം പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല. | 1-23 |
| 35 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകിയത് തിരിച്ചടവാക്കി | 1-24 |

| | | |
|---|---|---|
| 36 | പഞ്ചായത്തിൽ വാതക ശ്മശാനം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 37 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-26 |
| 38 | നിക്ഷേപ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല | 1-27 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം ആരംഭിച്ചില്ല. | 1-28 |
| 40 | ലൈഫ് ഭവന പദ്ധതി -സ്ഥലം വാങ്ങി നൽകിയ ഗുണഭോക്താവ് വീടുനിർമ്മാണം ആരംഭിച്ചില്ല. | 1-29 |
| 41 | ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ വീടുനിർമ്മാണം ആരംഭിച്ചില്ല. | 1-30 |
| 42 | വീട് വാസയോഗ്യമാക്കൽ അർഹമായ ധനസഹായം ഉറപ്പാക്കിയില്ല. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആനക്കയം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.07.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആനക്കയം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തിയ്യതി : 23/01/2026

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

### 1-1-2 വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് B-4ൽ ഉൾപ്പെട്ടതും ( Contribution For Specific Purposes)എന്നാൽ ഷെഡ്യൂൾ B-17ൽ ഉൾപ്പെട്ടതും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചുവടെ ചേർത്ത ഇനങ്ങളുടെ നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം | ശീർഷകം | B-4 പ്രകാരം |
|---|---|---|
| 1 | 320100153 | 160375 |
| 2 | 320100196 | 12730702 |

| | | |
|---|---|---|
| 3 | 320100198 | 1861291 |
| 4 | 320200102 | 40000 |
| 5 | 320200105 | 112172 |
| 6 | 320200207 | 8533 |
| 7 | 320200399 | 206984 |
| 8 | 320300199 | 26700 |
| 9 | 320700204 | 250 |
| 10 | 320700205 | 300000 |
| 11 | 320700305 | 2000 |
| 12 | 320700404 | 50000 |
| 13 | 320800101 | 2029976 |
| 14 | 320900101 | 78838 |

## 1-1-3 വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ

ILGMS ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ AFS ൽ ഉൾപ്പെടാത്തതായി കണ്ടു. AFS ൽ ഉൾപ്പെടാത്ത ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| State Bank Of India | 57069410799 |
| State Bank Of India | 57069410552 |
| State Bank Of India | 57069410563 |
| State Bank Of Travancore | 67011146928 |
| STSB SUB TREASURY, MANJERI | 715021400000008 |
| Urban Co-Operative Bank | 101010003295 |
| Urban Co-Operative Bank | 8520 |
| Urban Co-Operative Bank | 10003 |

ഈ ബാങ്ക് അക്കൗണ്ടുകളിലെ കാലികമായ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് ഭാവിയിൽ സാമ്പത്തിക ക്രമക്കേടിന് സാധ്യത ഉള്ളതിനാൽ ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3(23-24)-(24-25)) | വ്യത്യാസം |
|---|---|---|---|
| MG (നോൺ റോഡ്) | 11868809 | 9927744+1901692=11829436 | 39373 |
| Tied | 10761021 | 9301772 | 145249 |
| Untied | 5433955 | 5389935 | 44020 |

## 1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

RP 40(b)യിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

| ബാങ്ക് അക്കൗണ്ട് | തുക |
|---|---|
| State Bank Of India SSA(67011146928) | 406007 |
| KGB Total Sanitation(40140100106042) | 4337080 |

## 1-1-6 മുൻകൂർ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല.

വിവിധ നിക്ഷേപ പ്രവർത്തികൾക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ 470988/-രൂപ KSEB(22/25,51/25437/25), KWA(198/25,476/25) എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.ആയത് വാർഷിക കണക്കിൽ RP-49(P) (460500201-,Advance To Implementing Agencies - Deposit With Kerala Water Authority, 460500202-Advance To Implementing Agencies - Deposit With Kerala Electricity Board ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.പ്രോജക്ട് വിശദാംശങ്ങൾ ഖണ്ഡിക 4-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | ഇനം | **B-4 പ്രകാരം** | **B-17** |
|---|---|---|---|

| നം | | | പ്രകാരം |
|---|---|---|---|
| 1 | 320100181(TSC) | 3862585 | 4337080 |
| 2 | CFC | 7072200+10792158(TIED + UNTIED)=17864358 | 17039426 |

## 1-1-8 ലോൺ രജിസ്റ്ററിലെ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം ലോൺ ഇനത്തിൽ തൻ വർഷം 8341696/- രൂപ യാണ് വരവുള്ളത്. എന്നാൽ ലോൺ രജിസ്റ്ററിൽ 8518595/-രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-9 ബാധ്യത ശിർഷകങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9-OTHER LIABILITIES എന്ന ശീർഷകത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ടി ഇനങ്ങളിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനത്തിന് കൈമാറാത്തത് സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| 350200202VAT | 150 |
| 350300103VAT | 72 |

## 1-1-10 രേഖകൾ ഹാജരാക്കിയില്ല.

ബാലൻസ്ഷീറ്റ് B-11ഷെഡ്യൂളിൽ Other Fixed Assets 10668372/-രൂപ ബുക്ക് ചെയ്തിട്ടുണ്ട്.എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-1-11 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകത

Fedaral Bank (13650100290797) എന്ന അക്കൗണ്ടിൽ 31-03-25ന് 101180/-രൂപ നീക്കിയിരിപ്പുണ്ട് .എന്നാൽ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ്പാസ്സാക്കിയ തീരുമാനനമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാനനമ്പർ./തിയ്യതി |
|---|---|
| 1(1) തിയ്യതി 09.02.2024 | 1(1) തിയ്യതി 21.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 78708019 |
| വരവ് | 118206958 |
| ആകെ | 196914977 |
| ചെലവ് | 92212618 |
| നീക്കിയിരിപ്പ് | 104702359 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ്തുക | ആകെതുക | ചെലവ്തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 33164109 | 33164109 | 32275205 | 888904 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6972995 | 6972995 | 6095637 | 877358 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് | 0 | 37283000 | 37283000 | 31862575 | 5420425 |

| | | | | | |
|---|---|---|---|---|---|
| (റോഡ്) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 16201000 | 16201000 | 11868809 | 4332191 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 17278858 | 17278858 | 10761021 | 6517837 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - UNTIED | 0 | 6188773 | 6188773 | 5433955 | 754818 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ% |
|---|---|---|---|---|---|---|
| 424 | 249731355 | 300 | 150797937 | -- | 124 | 70.75 % |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1630635 | 1630635 | 1630635 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17708685 | 17708685 | 17708685 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3441600 | 195 |
| വിധവാപെൻഷൻ | 27711100 | 1760 |
| വാർദ്ധക്യകാലപെൻഷൻ | 53183200 | 3625 |
| വികലാംഗപെൻഷൻ | 11591500 | 722 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 859000 | 58 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2025 ന് 4 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5510/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപിക്കുന്ന ജോലികൾ കൃത്യമായി നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.
2. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് ഉൾപ്പെടുത്താവുന്നതാണ്.
3. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് തുടങ്ങിയ പ്രധാന വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.
5. പദ്ധതി മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
6. വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സാധിച്ചില്ല. ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായി.
7. വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
8.സുലേഖയിൽ മുഴുവൻ ചെലവുകളും പ്രതിഫലിക്കുന്നില്ല.
9. കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
10. വാഹനങ്ങളുടെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/12/2022 | 11/2022 | 26/12/2022 |
| എ.ജിഓഡിറ്റ് | 02.06.2016-15.06.2016 | 2011-12 To 2015-16 | 14-07-2016 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ആനക്കയം ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നം.03/24-25/16.12.2025ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 321305 | 185000 | 506305 |
| 2023-24 | 2775000 | 1412000 | 561000 | 4748000 |
| 2024-25 | 0 | 590000 | 893000 | 1483000 |
| ആകെ | 2775000 | 2323305 | 1639000 | 6737305 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 2022-23 | 0 | 159149 | 0 | 159149 |
| 2023-24 | 0 | 295039 | 468801 | 763840 |
| 2024-25 | 0 | 463334 | 272697 | 736031 |
| ആകെ | 0 | 917522 | 741498 | 1659020 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|
| സ്കീം 1 | 2900597 |
| സ്കീം 3 | 1474483 |
| സ്കീം 4 | 921652 |
| ആകെ | 5296732 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | ആരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ സൌകര്യം ഒരുക്കലും പ്രവർത്തനങ്ങൾ നടപ്പാക്കലും(304/23) | 159149 |
| 2023-24 | ആരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്ഡ് വെൽനസ്സ് സെന്റർ സൌകര്യം ഒരുക്കലും പ്രവർത്തനങ്ങൾ നടപ്പാക്കലും(360/24) | 171743 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആന്ഡ് വെൽനസ്സ് പ്രവർത്തനം നടപ്പിലാക്കൽ(401/24) | 297058 |
| 2023-24 | ആരോഗ്യ കേന്ദ്രത്തിലേക്ക് രോഗ നിർണയത്തിനുള്ള സാധന സാമഗ്രികലും സൌകര്യങൾ ഒരുക്കൽ(400/24) | 199161 |
| 2023-24 | ആരോഗ്യ കേന്ദ്രത്തിലേക്കും ഉപ കേന്ദ്രത്തിലേക്കും രോഗ നിർണയത്തിനുള്ള സൌകര്യങ്ങൾ ഒരുക്കൽ (359/24) | 95878 |
| 2024-25 | ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ്സ് സെന്ററ് സൗകര്യം ഒരുക്കലും പ്രവർത്തനങ്ങൾ നടപ്പാക്കലും(415/25) | 13257 |
| 2024-25 | കുടുബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ (414/25) | 259440 |
| 2024-25 | ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ(416/25) | 61461 |
| 2024-25 | ആരോഗ്യ കേന്ദ്രത്തിലേക്ക് രോഗനിർണ്ണയത്തിനുള്ള സാധനസാമഗ്രികളും സൌകര്യങ്ങളും ഏർപ്പെടുത്തൽ(417/25) | 401873 |

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കുറിപ്പ് : ഹെൽത്ത് ഗ്രാന്റ് സ്കീം 1 പ്രകാരം 2025-26 ൽ AE നിർവ്വഹണോദ്യോഗസ്ഥനായി പന്തല്ലൂർ ഉപകേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

## 1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ

പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ആനക്കയം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് പരിശോധനാ വിധേയമാക്കി.

**1).** കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായ **15%** വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

2). പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടില്ല.

3). ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ തുക ലഭിച്ചിട്ടില്ല.

4). ജലജീവൻ മിഷൻ പദ്ധതിക്കായി 7.2.22തിയ്യതിയിലെ 4(1) തീരുമാന പ്രകാരം ഫണ്ട് അപര്യാപ്തമായതിനാൽ തുക നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

5). തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമല്ല

6). ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നന്ന് നാളിതുവരെ പഞ്ചായത്തിന് തുകയൊന്നും ലഭ്യമായിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 1/16.12.2025 നു സ്ഥാപനം ലഭ്യമാക്കിയ മറുപടിയെ ആസ്പദമാക്കിയുള്ള വിവരങ്ങളാണിവ)

## 1-13 മരാമത്ത് പ്രവൃത്തികളിൽ ഡ്രൈനേജ് പ്രവൃത്തികൾക്ക് വേണ്ടി മണ്ണ് നീക്കം ചെയ്തതിന് അധിക നിരക്ക് നൽകിയത് ഓഡിറ്റ് അന്വേഷണക്കുറിപ്പിനെതുടർന്ന് തിരിച്ചടച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഡ്രൈനേജ് പ്രവൃത്തികൾക്ക് വേണ്ടി മണ്ണ് നീക്കം ചെയ്തതിന് അധിക നിരക്ക് നൽകിയത് ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ ( നമ്പർ 27/23.12.2025 ) തുടർന്ന് തിരിച്ചടച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | തിരികെ അടച്ച തുക | രസീത് നമ്പർ/തീയതി |
|---|---|---|
| **96/24- മേലെചേപ്പൂർ-കിഴക്കേപ്പാറ കുടുക്കിൽ റോഡ് പരിഷ്കരണം.** | 1641/- | RG 100601-250 11592/26-12-25/2765/- രൂപ |
| **212/23- കിടങ്ങയം - അരീച്ചോല റോഡ് പരിഷ്കരണം** | 1124/- | |
| **98/24 മുടിക്കോട് PHC ചിറയൻകാട് റോഡ് പരിഷ്കരണം** | 724/- | R-G100601/25011 593/26-12-25 |
| **292/25 ഒസ്സാൻ പാലം പടി മാരിയോട് റോഡ് ഡ്രൈനേജ് നിർമാണം** | 10100/- | R-G100601/25011598/26-12-25 |
| **104/24 ഉടുമ്പത്തപ്പടി - പാലമുറ്റം എസ്സ്.സി കോളനി റോഡ് പരിഷ്കരണം- വാർഡ് -2** | 5551/- | R-G100601/25011590/26-12-25 |
| **136/24 - ചെറാട്ടു പാറ-ഉരുളിത്തല വാലുപറമ്പ് റോഡ് പരിഷ്കരണം** | 4126/- | R-G100601/25011591/26-12-25 |
| ആകെ- | 23266/ | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും)ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ചഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ Bയിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഇതിന് വിരുദ്ധമായി കേരള ഗ്രാമീണബാങ്ക്, ഇരുമ്പുഴി ശാഖയിലെ ബാങ്ക് അക്കൌണ്ടിലാണ് 446009/- (രസീത് നമ്പർ 714126/19-09-24) രൂപയുടെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/24-25/22.12.2025)മറുപടി ലഭ്യമാക്കിയിട്ടില്ല. മിച്ച ഫണ്ട് ചട്ടം അനുസരിക്കുന്ന പ്രകാരം നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 മെൻസ്ട്രുവൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വനിതകളായ ഗുണഭോക്താക്കൾക്ക് സ്മോൾ, മീഡിയം, ലാർജ്ജ് വലുപ്പത്തിലുള്ള മെനുസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി വിശദാംശങ്ങളും, അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വാങ്ങലും വിതരണവും |
| പ്രോജക്ട് നമ്പർ | 29/25 |
| സ്ഥാപനത്തിന്റെ പേര് | HLL Life Care<br>9423058813/19-06-2024<br>Small-155<br>Medium-305<br>Large-271 |
| അടങ്കൽ | പൊതു വിഭാഗം -സാധാരണ വിഹിതം -<br>750000 |
| ചെലവ് | പൊതു വിഭാഗം -സാധാരണ വിഹിതം<br>437867 |
| ബിൽ നം/തീയതി/ തുക | 24150252023901574398/18-03-25<br>365389/-<br>24150252023901685542/25-03-2025<br>72,478/-രൂപ |

മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/ തീ: 20-12-25) മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്ത രേഖകൾ ലഭ്യമാക്കി. എന്നാൽ ആയത് പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാൻ അവശേഷിക്കുന്ന മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്നത് വരെ ചെലവ് തുക 437867/- രൂപ തടസ്സം ചെയ്യുന്നു.

## 1-16 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

പദ്ധതി: - 324/25, പഞ്ചായത്തിലെ വിവിധ സബ്സെന്ററുകളിലേക്ക് പ്രിന്റർ ,ലാപ്ടോപ്പ് വാങ്ങൽ .

അടങ്കൽ-235000/-(Ownfund) + 190000(NonRoad)
ചെലവ് - 369443/-

വൗച്ചർ നം 22401481 / 29-03-25-235000/-

24150252023901606554/20-03-2025-98256/-

24150252023901606562/20-03-2025-36187/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം വിവിധ സബ്സെന്ററുകളിലേക്ക് പ്രിന്റർ ,ഡെസ്ക് ടോപ്പ് കംപ്യൂട്ടർ എന്നിവ ലഭ്യമാക്കിയതിന് കെൽട്രോണിന് 271187/- രൂപയും Exel Business System എന്ന സ്ഥാപനത്തിന് 98256/-രൂപയും ചെലവ് ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | തുക | ഉപകരണം/ എണ്ണം | ജെം കോൺട്രാക്ട് നം, വാറണ്ടി |
|---|---|---|---|---|
| 1 | TVM/ITBG/P1/ RC/56158/24-25/14-02-25 | 271187 | Desktop-7എണ്ണം | 5**Year** Onsite Warranty |
| 2 | EBS/24-25/8146/15-03-25 | 98256 | Epson A4 Ink Jet Printer /6എണ്ണം | GEMC511687779339037/13-03-25<br>**1Year** Onsite OEM |
| ആകെ | | 369443 | | |

മേൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (**14/20.12.2025**) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി.ആയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആശുപത്രിയിൽ ഇത്തരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഫർണ്ണിച്ചറുകളും മറ്റ് സാധനങ്ങളും രേഖപ്പെടുത്തുന്ന ഇൻസ്ട്രുമെന്റ് രജിസ്റ്ററിൽ ഇൻവോയ്സ് ഒട്ടിച്ച് വെക്കുകയാണ് ചെയ്തിട്ടുള്ളത്.ഏതൊക്കെ സബ്സെന്ററുകൾക്ക് എത്രവീതം ഉപകരണങ്ങൾ വിതരണം ചെയ്തു എന്നും ഏതൊക്കെ സീരിയൽ നമ്പറാണ് വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമല്ല. ലാപ്ടോപ്പിന് സ്റ്റോക്ക് നമ്പർ ഇട്ടിട്ടില്ല. പദ്ധതി നമ്പർ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ എന്നിവ രജിസ്റ്ററിലോ, സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഉപകരണങ്ങളിലോ രേഖപ്പെടുത്തിയതായും കാണുന്നില്ല.

2) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് സ്റ്റോക്ക് ക്രമപ്പെടുത്തി വിതരണം ചെയ്ത സ്ഥാപനങ്ങളുടെ കൈപറ്റ് വിവരം സ്റ്റോക്ക് രജിസ്റ്ററുകളുടെ പകർപ്പുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടട് നമ്പർ | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/ വൗച്ചർ നം. / തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തിയ്യതി | ലഭ്യമായ മരുന്നുകൾ, ഇൻവോയ്സ് നം/ തുക | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകൾ, തുക |
|---|---|---|---|---|---|
| 27/25, അതി ദാരിദ്രർക്കുള്ള മരുന്ന് വാങ്ങൽ | പൊതു വിഭാഗം - സാധാരണ വിഹിതം - 130000/120000 | 24150252023901482378/ 10-03-25<br>1,00,000 | PRF3598/12-02-25-1,00,000 | 0 | ***1,00,000*** |
| | | 24150252023901574401/ 18-03-25<br>20000 | PRF4277/12-03-25-<br>30000 | 0 | ***20000*** |
| 24/25, പി.എച്.സി യിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ | പൊതു വിഭാഗം - സാധാരണ വിഹിതം -8,00,000/ 6,87,688/-( തനത് ഫണ്ട് 2,00,000 / 1,96,734 | 24150252023901482444/ 10-03-25<br>*2,00,000/-* | PRF4261/12-03-25-<br>*2,00,000/-* | 0 | *2,00,000/-* |
| | | വൗച്ചർ നമ്പർ 22401288/13.02.25<br>1,15,229/- | PRF2998/17-01-25<br>1,15,229/- | 1058/20-06-25-6492<br>2193/15-10-25-28125<br>ആകെ=34617 | 80,612/- |
| | | 2415025203901030639/ 13-12-24<br>3,00,000/- | PRF2089/19-11-24<br>3,00,000/- | 2194/15-10-25-104634/-<br>2195/15-10-25-25279<br>ആകെ=129913 | 170087 |
| 20/25 പരിരക്ഷ പാലിയേറ്റീവ് പരിപാടി | തനത് ഫണ്ട് 8,50,000 / 8,00,270 പൊതു വിഭാഗം - സാധാരണ വിഹിതം -10,00,000/ 9,44,598 | 24150252023901528807/ 13-03-2025<br>43,457/- | PRF4311/14-03-25<br>43,457/- | 0 | 43,457/- |
| | | വൗച്ചർ നമ്പർ 22401282/11.02.2025<br>2,00,000/- | PRF2421/10-12-24<br>2,00,000/- | 0 | 2,00,000/- |
| | | 241502520239010030644/ 13-12-24<br>249983/- | PRF2126/21-11-24<br>249983/- | 1773/06-02-25-56000<br>484/15-05-25-59476<br>685/27-05-25-73562<br>2192/15-10-25-23415<br>ആകെ=212453 | 37530 |

മേൽ പറഞ്ഞ പ്രകാരം ഇനിയും ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരം

രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/ 20-12-25) മരുന്ന് ലഭ്യമാക്കുന്നതിനായി KMSCLന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസോടു കൂടി പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മോഡേൺ ഡിസ്ട്രോപോളിസ്, ചേപ്പൂർ | 50 |
| 2 | പാണായി പെട്രോളിയം, പാണായി | 9 |
| 3 | വലിയ മണ്ണിൽ ഗ്രാനൈറ്റ്, ചേപ്പൂർ | 8 |
| 4 | അൽ അമീൻ ഗ്രാനൈറ്റ്, പുള്ളിയിലങ്ങാടി | 8 |
| 5 | നയാര- മദാരി പെട്രോളിയം, പന്തല്ലൂർ | 6 |
| 6 | മഞ്ചേരി ബ്രിക്സ് മെറ്റൽസ്, വേട്ടേകോട് | 5 |
| 7 | വേട്ടേക്കോട് ഗ്രാനെറ്റ്സ്, വേട്ടേക്കോട് | 5 |
| 8 | മലബാർ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്, ചേപ്പൂർ | 5 |
| 9 | ബിസ്മി ന്യൂട്രിമിക്സ് യൂണിറ്റ്, പന്തല്ലൂർ | 5 |
| 10 | ഖാലിദ് & കമ്പനി പെട്രോളിയം | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ/ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/2024-25/17.12.2025) താഴെ പറയുന്ന രീതിയിൽ മറുപടി നൽകിയിട്ടുണ്ട്.

1. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ ക്രമ നം.3,4,5,6,8,9 എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കിയിട്ടുണ്ട്. (റസീറ്റ് നം.R-G100601-25011490-13325/- Dated 22.12.25 , 25011526-13650/-, 25011540- 11570/-, 2501158-3354/-, 25011531- 6040/-, 25011527- 8775/- Dated 23.12.25)
2. ക്രമ നം.1,2 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതാണ്.
3. ക്രമ നം. 7, മാർച്ച് 2025 ൽ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്, ആയതിനാൽ തൊഴിൽ നികുതി ഈടാക്കേണ്ടതില്ലാത്തതാണ്.
4. ക്രമ നം. 10 ന് നോട്ടീസ് നൽകിയിട്ടുണ്ട്. അടവാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

അടവാക്കാത്ത സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികൾ -പൂർത്തീകരണ കാലാവധി ദീർഘീകരണം- പിഴ ഈടാക്കിയില്ല- വിശദീകരണം ലഭ്യമാക്കേണ്ടതാണ്

കേരളാ പൊതുമരാമത്ത് മാനുവൽ 2012 - GO(P) 13/2012/PWD/ 01.12.2012 - സെക്ഷൻ 2112 – (Extension Of Time) പ്രകാരം, കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി നൽകണം. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തികളുടെ ദീർഘീകരണ കാലാവധി, ഒറ്റത്തവണ യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ 25 ശതമാനമോ ആറുമാസമോ ഏതാണ് കുറവെങ്കിൽ അത് മാത്രമേ അനുവദിക്കാവൂ എന്നും ആകെ ദീർഘീകരണ കാലാവധി യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ 50 % ശതമാനത്തിൽ അധികരിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അനുവദിക്കപ്പെട്ട കാലാവധിയിൽ പ്രവർത്തി പൂർത്തീകരിക്കുകയോ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യാതെ കരാറുകാരൻ പൂർത്തീകരണകാലാവധി അധികം ഉപയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും | **353/25- ഇരുമ്പുഴി ജി.യു.പി.എസ് പരിഷ്കരണം W-21** |
|---|---|---|
| 1 | അടങ്കൽ തുക & ഫണ്ടിനം | 1200000/- സംരക്ഷണഗ്രാന്റ് ( റോഡിതരം)<br>100000/- തനത് ഫണ്ട് |
| | | |

| | |
|---|---|
| ചെലവിനം , ബിൽ നമ്പർ തീയ്യതി | **1004456/- BRN- 24150252023400335736/ 27.06.2024**<br>**68795/- BRN- 24150252023400335736/07.11.2024** |
| TS നമ്പർ , തീയ്യതി ,പൂർത്തീകരണ കാലാവധി | 74415/2022-2023 തീയ്യതി .20.12.2022<br>11 മാസം. |
| എഗ്രിമെന്റ് നമ്പറും തീയ്യതിയും | 114/AE/LID & EW/AKM/ 2022-2023 തീയ്യതി.24.02.2023 |
| സൈറ്റ് കൈമാറിയ തീയ്യതി | 06.03.2023 |
| PAC തുക | 956922/- |
| കരാറുകാരന്റെ പേര് | ശ്രീ ഷിഹാബുദ്ദീൻ |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 05. 02.2024 |
| പൂർത്തീകരിച്ച തീയ്യതി | 16.09.2024 |
| അളവു പുസ്തകം നമ്പർ | EMB |
| ഈടാക്കേണ്ട പിഴ | **06.02.2024 To 05. 05.2024 – 1% Of PAC = 9569/-**<br>**06.05.2024 To 05.08. 2024 - 2% Of PAC = 19138/-**<br>**06.08.2024 To 16.09.2024- For 42 Days @ 2% Of PAC – 8931/-**<br>**Total- 37638/-** |
| ഈടാക്കിയ പിഴ | 0 |
| ബാക്കി | **37638/-** |

| | | |
|---|---|---|
| 2 | പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും | **SO 226/24 പുളിയംപറമ്പ്- കോട്ടമ്മൽ റോഡ് ഡ്രൈനേജ് നിർമാണം** |
| | അടങ്കൽ തുക & ഫണ്ടിനം | 800000/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| | ചെലവിനം , ബിൽ നമ്പർ തീയ്യതി | **739729/- (Vr.No. 22401545/ 30.03.2025)** |
| | TS നമ്പർ , തീയ്യതി ,പൂർത്തീകരണ കാലാവധി | 79609/2023-2024 തീയ്യതി .22.12.2023<br>8 മാസം. |
| | എഗ്രിമെന്റ് നമ്പറും തീയ്യതിയും | 94/AE/LID & EW/AKM/ 2023-2024 തീയ്യതി.03.02.2024 |
| | സൈറ്റ് കൈമാറിയ തീയ്യതി | 13.02.2024 |
| | PAC തുക | 677913/- |
| | കരാറുകാരന്റെ പേര് | ശ്രീ ഉസ്മാൻ കോയ |
| | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 12. 12.2024<br>( ശക്തമായ നീരൊഴുക്കുള്ള സ്ഥലമായതിനാൽ അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കാലാവധി നീട്ടി നൽകണമെന്ന് കരാറുകാരൻ 09.10.2024 ന് AE ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുകയോ കാലാവധി നീട്ടിനൽകുകയോ ചെയ്തതായി കാണുന്നില്ല. എങ്കിലും കരാറുകാരന്റെ അപേക്ഷയിന്മേൽ നിയമാനുസൃതമായ 25 % അധിക കാലയളവ് ( 2 മാസം) കൂടി |

| | | |
|---|---|---|
| | | അനുവദിക്കുമ്പോൾ പൂർത്തീകരിക്കേണ്ട തീയ്യതി- 12.12.2024 ( ആകെ 8+ 2 =10 മാസം) |
| | പൂർത്തീകരിച്ച തീയ്യതി | 13.03.2025 |
| | അളവു പുസ്തകം നമ്പർ | EMB |
| | ഈടാക്കേണ്ട പിഴ | **13.12.2024 മുതൽ 12.03.2025 വരെ - 3 മാസത്തിന് 1% പിഴതുക- 6779/-**<br>**13.03.2025 -ന് 151 രൂപ ( 13558/90 X1)**<br>**ആകെ - 6930/-** |
| | ഈടാക്കിയ പിഴ | 0 |
| | ബാക്കി | **6930/-** |
| | പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും | **SO 227/24 തെക്കുമ്പാട് ഊത്താലക്കുണ്ട് റോഡ് ഡ്രൈനേജ് നിർമാണം** |
| | അടങ്കൽ തുക & ഫണ്ടിനം | 900000/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| | ചെലവിനം , ബിൽ നമ്പർ തീയ്യതി | **886319/- (Vr.No. 22401548/ 30.03.2025)** |
| | TS നമ്പർ , തീയ്യതി ,പൂർത്തീകരണ കാലാവധി | 72143/2023-2024 തീയ്യതി 12.12.2023<br>8 മാസം. |
| | എഗ്രിമെന്റ് നമ്പറും തീയ്യതിയും | 95/AE/LID & EW/AKM/ 2023-2024 തീയ്യതി.06.02.2024 ( അസൽ കരാർ ഫയലിൽ ഇല്ല) |
| | സൈറ്റ് കൈമാറിയ തീയ്യതി | 15.02.2024 |
| | PAC തുക | 762340/- |
| | കരാറുകാരന്റെ പേര് | ശ്രീ ശ്രീ റിയാസലി.പി. |
| 3 | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 14. 10.2024 |
| | പൂർത്തീകരിച്ച തീയ്യതി | 19.03.2025 |
| | അളവു പുസ്തകം നമ്പർ | EMB |
| | ഈടാക്കേണ്ട പിഴ | **15.10.2024 മുതൽ 14.01.2025 വരെ - 3 മാസത്തിന് 1% പിഴതുക- 7623/-**<br>**15.01.2025 മുതൽ -19.03.2025 വരെ For 63 Days -2 % Of PAC- 10672/-**<br>**ആകെ - 18295/-** |
| | ഈടാക്കിയ പിഴ | 0 |
| | ബാക്കി | **18295/-** |
| | പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും | **259/25 – ഇരുമ്പുഴി GMUPS ടോയ് ലറ്റ് നിർമാണം** |
| 4 | അടങ്കൽ തുക & ഫണ്ടിനം | 1000000/- വികസന ഫണ്ട്- ജില്ലാ പഞ്ചായത്ത് വിഹിതം<br>1000000/- ധനകാര്യക്കമ്മീഷൻ അവാർഡ് |
| | ചെലവിനം , ബിൽ നമ്പർ തീയ്യതി | **1000000/- (Vr. No. 22401186/ 28.01.2025** |
| | TS നമ്പർ , തീയ്യതി ,പൂർത്തീകരണ കാലാവധി | 82568/2022-2023 തീയ്യതി. 07.01.2023 10 മാസം |
| | എഗ്രിമെന്റ് നമ്പറും തീയ്യതിയും | 116/AE/LID & EW/AKM/ 2022-2023 തീയ്യതി.07.03.2024 |
| | സൈറ്റ് കൈമാറിയ തീയ്യതി | 16.03.2023 |
| | PAC തുക | 1422165/- |
| | കരാറുകാരന്റെ പേര് | ശ്രീ ഷിഹാബുദ്ദീൻ. കെ. |
| | പ്രവൃത്തി പൂർത്തീകരിക്കേണ്ട | 15.01.2024 |

| | | |
|---|---|---|
| | തീയ്യതി | |
| | പൂർത്തീകരിച്ച തീയ്യതി | 17.12.2024 |
| | അളവു പുസ്തകം നമ്പർ | EMB |
| | ഈടാക്കേണ്ട പിഴ | **16.01.2024 To 15. 04.2024 – 1% Of PAC= 14221/-**<br>**16.04.2024 To 15.07.2024 2% Of PAC = 28442/-**<br>**16.07.2025 To 15.10.2024 – 2% Of PAC- 28442/-**<br>**16.10.2025 To 17.12. 2024 - For 62 Days @ 28442 = 19593/-**<br>**ആകെ - 90698/-** |
| | ഈടാക്കിയ പിഴ | 0 |
| | ബാക്കി | **90698/-** |
| 5 | പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും | **296/25- ചേപ്പൂർ ചെക്ക് പോസ്റ്റ് റോഡ് ഡ്രൈനേജ് നിർമാണം** |
| | അടങ്കൽ തുക & ഫണ്ടിനം | 879650/- CFC |
| | ചെലവിനം , ബിൽ നമ്പർ തീയ്യതി | **802845/- (Vr. No. 22401549/ 30.03.2025** |
| | TS നമ്പർ , തീയ്യതി ,പൂർത്തീകരണ കാലാവധി | 70631/2023-2024 തീയ്യതി. 08.12.2023 08 മാസം |
| | എഗ്രിമെൻ്റ് നമ്പറും തീയ്യതിയും | 117/AE/LID & EW/AKM/ 2023-2024 തീയ്യതി.12.02.2024 |
| | സൈറ്റ് കൈമാറിയ തീയ്യതി | 22.02.2024 |
| | PAC തുക | 744384/- |
| | കരാറുകാരൻ്റെ പേര് | ശ്രീ ഉസ്മാൻ കോയ. പി |
| | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 21.12 .2024 ( കരാറുകാരനായ ശ്രീ ഉസ്മാൻ കോയ 09.10.2024 തീയ്യതിയിൽ AE ക്ക് സമർപ്പിച്ച അപേക്ഷയിൽ പ്രസ്തുത പ്രവൃത്തി പ്രദേശത്ത് നിന്ന് 4 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്നും, ആയവ മാറ്റുന്ന മുറയ്ക്ക് പണി പൂർത്തിയാക്കാം എന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകണെമന്നും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തതായി കാണുന്നില്ല. എന്നിരുന്നാലും കരാറുകാരൻ്റെ അപേക്ഷ പരിഗണിച്ച് ഒറ്റത്തവണ കാലാവധി ദീർഘീകരണത്തിനനുവദിക്കാവുന്ന 25 % ( 2 മാസം) കൂടി അധികമനുവദിക്കുമ്പോൾ പൂർത്തീകരണത്തീയ്യതി- 21. 12.2024 |
| | പൂർത്തീകരിച്ച തീയ്യതി | 22.03. 2025 |
| | അളവു പുസ്തകം നമ്പർ | EMB |
| | ഈടാക്കേണ്ട പിഴ | **22.12.2024 To 21.03.2025 – 1% Of PAC- 7443/-**<br>**22.03.2025 – ന് - 2% Of PAC- 165/-**<br>**ആകെ- 7608/-** |
| | ഈടാക്കിയ പിഴ | 0 |

| | |
|---|---|
| ബാക്കി | **7608/-** |

ആകെ- 161169

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ( നമ്പർ 16/ 22.12.2025 , 20/ 22. 12.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ തുക ഉത്തരവാദികളായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട്: 117/25 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ/ചെലവ്: 500000(MG(NR))

ബിൽ നമ്പർ: BRN: 24150252024801207650/22.01.25

മേൽ പ്രൊജക്ട് പ്രകാരം ഹോംകോ-ക്ക് 500000/- രൂപ (പ്രൊഫോമ PF 1066/11.01.25-500000) മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള 468463/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം./തിയതി | തുക |
|---|---|
| LF-2809/05.03.25 | 115456 |
| LF-1584/26.09.25 | 294544 |
| LF-2468/21.11.25 | 58463 |
| ആകെ | 468463 |

31537/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2024-25/20.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-21 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്ഷ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫെർ ചെയ്യേണ്ടതാണെന്നും ടി അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-00000067381996166) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 2,09,75,128/- രൂപ മുൻബാക്കിയും 31.3.2025 ന് 2,90,26,291/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 2,09,38,560/- രൂപ , 2,89,90,854/- രൂപ). സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ കാലയളവിൽ ശരാശരി 2 കോടി രൂപ വരെ അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്. അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ (എസ്.ബി.ഐ യുടെ സേവിങ്ങ്സ് അക്കൗണ്ട് പലിശ നിരക്ക് 2.7% ) ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (**19/24-25/22.12.2025)** മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ തുക കൃത്യമായി തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 108/25 |
| പേര് | : കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള തുക കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : 100000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 28369/- |
| ബിൽ നമ്പർ / തീയതി | : 24150252023601457546/തീയതി.06.03.2025 |

മേൽ പ്രൊജക്ട് പ്രകാരം ഷിഫിൻ അബ്ദുള്ള എസി ,S/O മുഹമ്മദ് ഷാഫി എസി ഗുണഭോക്താവിന് കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് വേണ്ടി 28369/-രൂപ കേരള ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/23.12.25) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ടി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്തയച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 28369/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ആനക്കയം പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല.

ആനക്കയം പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2017-18 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-29/23.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാത്ഥികൾക്കുള്ള സ്കോളർഷിപ്പ്. വിതരണം-അധിക തുക നൽകിയത് തിരിച്ചടവാക്കി

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 103/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.

അടങ്കൽ തുക/ചെലവ്-4747699/4698200/-

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 (ഡി)പട്ടികകൾ പ്രകാരം വിദ്യാലയങ്ങളിലോ ഡെകെയർസെന്ററുകളിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട തുക പ്രതിമാസം 1000/- രൂപയാണ്.

എന്നാൽ ഉബൈദുള്ള എന്ന കുട്ടിക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് സ്കോളർഷിപ്പ് തുക നൽകിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്/അക്കൗണ്ട് നമ്പർ | ഭിന്നശേഷി സ്വഭാവം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|
| UBAIDULLAH<br>40140100200127<br>KLGB0040140 | MR | 12000/- | 24000/-<br>ക്രമ നം 6ബില്ലിൽ നിന്നും 12000/-രൂപ<br>ക്രമ നം 7ബില്ലിൽ നിന്നും 12000/-രൂപ | 12000 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/23.12.25) അധികം നൽകിയ 12000/-രൂപ R-G100601-25011588/26-12-2025 രസീത് പ്രകാരം തിരികെ അടവാക്കി.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പഞ്ചായത്തിൽ വാതക ശ്മശാനം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്തിൽ വാതക ശ്മശാനം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി 2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങളിലെ ചട്ടം 3, ഉപ ചട്ടം 5 പ്രകാരം ഉഭയസമ്മതപ്രകാരമുള്ള വസ്തു ആർജിക്കൽ അടിസ്ഥാനപ്പെടുത്തി വാതക ശ്മശാനം സ്ഥാപിക്കുന്നതിനായി ആനക്കയം പഞ്ചായത്തിലെ എറനാട് താലൂക്ക്, പന്തല്ലൂർ വില്ലേജ് ,സർവ്വേ നമ്പർ 46/14/5 പ്രകാരമുള്ള മഞ്ചേരി കോവിലകത്തിന്റെ ഉടമസ്ഥതയിലുള്ള വാക്കാൽ പാട്ടത്തിന് ശ്രീ.കളകപ്പാറ കോമുവിന് നൽകിയതും തുടർന്ന് ശ്രീ.കളകപ്പാറ കോമുവിന്റെ മരണശേഷം അവകാശികളായ മക്കൾ നിലവിലെ ഉടമസ്ഥനായ ശ്രീ. അബ്ദുൾ സലീം ആലുങ്ങൽ എന്നയാൾക്ക് 2,82,000 രൂപ വില്ക്കുകയും ശ്രീ. അബ്ദുൾ സലീം ആലുങ്ങൽ മഞ്ചേരി ലാന്റ് ട്രിബ്യൂണലിൽനിന്നും ജന്മാവകാശം ആർജ്ജിച്ചിട്ടുള്ളതും സർക്കാർ പ്ലീഡർ ശ്രീ കെ.എം. സുരേഷ് നിയമോപദേശം (SR. No.21/2023/19.06.2023) നൽകിയിട്ടുള്ളതും മഞ്ചേരി തഹസിൽദാർ ശ്രീ.അഷറഫ്.കെ.എസ്30.1.24 ന് ആർഒന്നിന് 85762 രൂപ ഫെയർ വാല്യു നിശ്ചയിച്ചിട്ടുള്ളതുമായ 29.84ആർ ഭൂമിയും ( 73.7048 സെന്റ് ), ശ്രീമതി.സുമയ്യ W/O ശ്രീ.സലീം ആലുങ്ങൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള എറനാട് താലൂക്ക് പന്തല്ലൂർ വില്ലേജ് സർവ്വേ 46/14/4-1 പ്രകാരമുള്ള 2.03 ആർ ഭൂമിയും ( 5.0141 സെന്റ് ) ആകെ.78.7189 സെന്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ്

ഡയറക്ടറുടെ 25.07.2025 ലെ LSGD/JD/ MPM/1141/2024-A5 അനുയോജ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെന്റിന് 32000 രൂപ നിരക്കിൽ താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| പഞ്ചായത്തിൽ വാതക ശ്മശാനം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ (327/25) | 25,00,000 (2,19,000 വികസന ഫണ്ട് ജനറൽ +2281000 തനത് ഫണ്ട്) | 219000 | 24150252003600696538/24.09.24 | ആധാരം നമ്പർ 3498/1/24/10.9.2024 |
| | | 2281000 | 22400661/27.09.24 | |
| | ആകെ | 25,00,000 | | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂമി വാങ്ങുന്നതിന് ജി.ഒ.പി നമ്പർ 18/98/ത.സ്വ.ഭ.വ തിയതി 12.01.98 പ്രകാരം വൻ പ്രചാരം നൽകി (ഏറ്റവും കുറഞ്ഞത് 3 ദിനപത്രത്തിൽ രണ്ട് പ്രദേശിക ദിനപത്രങ്ങളിലും ഒരു ദേശീയ ദിനപത്രത്തിലും) ഭൂമി വാങ്ങാൻ തയ്യാറുള്ളവരിൽനിന്നും അപേക്ഷ വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ ഗ്രാമ പഞ്ചായത്ത് ഒരു പ്രാദേശിക പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത്.

2. കേരള പഞ്ചായത്ത് രാജ് ആക്ട് (ശവം മറവ് ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനും ഉള്ള സ്ഥലങ്ങൾ ) ചട്ടങ്ങളിലെ ചട്ടം 2(1) പ്രകാരം ശവം മറവ് ചെയ്യുന്നതിന് ഉള്ള സ്ഥലങ്ങൾ ഏർപ്പെടുത്തുമ്പോൾ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കകർഷിച്ചിരുന്നു എന്നാൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെയാണ് സ്ഥലം വാങ്ങിയിട്ടുള്ളത്.

3) തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 7.3.2024 കത്തിൽ ശ്മശാനം നിർമ്മിക്കുന്നതിന് മലിനീകരണനിയന്ത്രണബോർഡിൽ നിന്നുള്ള നിരാക്ഷേപസാക്ഷ്യപത്രം ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്ത് വാങ്ങിയ പന്തല്ലൂർ വില്ലേജ് സർവ്വേ നമ്പർ 46/14/5, 46/14/4-1 പ്രകാരമുള്ള 78.7189 സെന്റ് ഭൂമി നാളിതുവരെ അതിർത്തി നിർണ്ണയിച്ച് മതിൽകെട്ടി സംരക്ഷിച്ചിട്ടില്ല.

5).ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ചെങ്കുത്തായ പ്രസ്തുത സ്ഥലം നിരപ്പാക്കിയെങ്കിൽ മാത്രമേ വാതക ശ്മശാനത്തിനുള്ള കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയൂ എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

6).വാതകശ്മശാനം നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ഠ സ്ഥലത്ത് വെള്ളം-വൈദ്യുതി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/22.12.2025 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ശ്മശാനനിർമ്മാണസമയത്ത് പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. കളക്ടറുടെ അനുമതി വാങ്ങി മലിനീകരണനിയന്ത്രണബോർഡിൽ നിന്നുള്ള നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കി, ചെങ്കുത്തായ കാടുപടർന്ന്കിടക്കുന്ന പ്രസ്തുതസ്ഥലം അളന്ന് തിട്ടപ്പെടുത്തി ഗതാഗതയോഗ്യമാക്കി ശ്മശാനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

## 1-26 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 10,00,000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ (154/25) | 10,00,000 | 10,00,000 | 24150252003601482947/10.03.2025 (വികസന ഫണ്ട് ജനറൽ ) |
| ആകെ | | 10,00,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 പ്രകാരം

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.
2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്നകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /

പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത്തദ്ദേശഭരണസ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

.പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

.ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

.വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

.പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 11.06.25 ലെ വിനിയോഗസാക്ഷ്യപത്രപ്രകാരം വിനിയോഗ വിവരം ലഭ്യമല്ല.;ചില ഉദാഹരണങ്ങൾ താഴെ

| ക്രമ നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്സ് |
|---|---|---|---|---|---|
| 1 | BRC | 21 | 1206723 | 140745 | ആനക്കയം ഗ്രാമപഞ്ചായത്തിലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 21 | 731913 | 85366 | ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 3087 | 771750 | 90012 | ആനക്കയം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Free Text Book-UP | 1480 | 592000 | 69047 | ആനക്കയം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| 4 | Uniform 2 Set Govt. School Only | 3094 | 1856400 | 216519 | ആനക്കയം ഗ്രാമപഞ്ചായത്ത ലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യുണിഫോം |

| | | | | | |
|---|---|---|---|---|---|
| | | | | | വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ പരിശോധനക്ക് ഹാജറാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-6/17.12.2025 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. SSK യിൽ നിന്നും വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും ഭാവിയിൽ പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന്റെ പരിപൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-27 നിക്ഷേപ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രാമ പഞ്ചായത്തിലെ വിവിധ നിക്ഷേപ പ്രവൃത്തികളിൽ താഴെ പറയും പ്രകാരം വിവിധ ഏജൻസികളിൽ തുക നിക്ഷപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് | ഏജൻസി/ ഡിമാന്റ് നമ്പർ | അടങ്കൽ/ ഫണ്ട് | ചെലവ് | ബിൽ /വൗച്ചർ നമ്പർ |
|---|---|---|---|---|
| കുടുംബശ്രീ കെട്ടിടത്തിലേക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ (476/25) | കേരള ജല അതോറിറ്റി മലപ്പുറം WRD/KWA/CE/ EST/28834/2024/21.1.25 | 25000 തനത് ഫണ്ട് | 15000 | 22401539/ 30.3.2025 |
| പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ CCTV സ്ഥാപിക്കൽ (339/25) | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം തൃശൂർ ELCS/MJI/ W-136/23-24/10.04.2024 | 840000 തനത് ഫണ്ട് | 465460 | 22401336/19.02.2025 |
| | | ആകെ | 480460 | |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/19.12.2025 ന് നൽകിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 480460 രൂപ തടസ്സം ചെയ്യുന്നു.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം ആരംഭിച്ചില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖ, സ.ഉ(സാധാ) നം. 738/2023/ LSGD തിയതി. 28.03.2023, സ.ഉ(സാധാ) നം. 1877/2023/LSGD തിയതി. 21.09.2023 ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം 'സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കാണ് പഠനമുറി നിർമ്മാണത്തിന് തുക നൽകാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണത്തിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| **പദ്ധതി** | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.(185/25) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 8,00,000 |
| ചെലവ് | 2,00,000 |
| ഫണ്ട് | വികസന ഫണ്ട്-എസ്.സി.പി |

എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണത്തിന് അഡ്വാൻസ് കൈപറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ല.

| വിദ്യാർത്ഥി | അനുവദിച്ച തുക | ബിൽനം, തിയതി |
|---|---|---|
| അഭന്യ,D/O ബാലകൃഷ്ണൻ. വാർഡ് 6 | 50,000 | 24150252024701415217/3.3.2025 |

| | | |
|---|---|---|
| ശിഖ കെ.പി, D/O രാബിദ ,വാർഡ് 1 | 50000 | 24150252024701415214/3.3.2025 |
| സായൂജ്യ.കെ, D/ Oശശിധരൻ, വാർഡ് 19 | 50000 | 24150252024701415214/3.3.2025 |
| കാർത്തിക് കൃഷ്ണ ,S/O കൃഷ്ണകുമാർ, വാർഡ് 23 | 50000 | 24150252024701415214/3.3.2025 |
| ആകെ | 200000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/23.12.25 ന് നൽകിയ മറുപടിയിൽ രണ്ടാം ഗഡു നൽകിയിട്ടുണ്ടെന്നും പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു.പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി -സ്ഥലം വാങ്ങി നൽകിയ ഗുണഭോക്താവ് വീടുനിർമ്മാണം ആരംഭിച്ചില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി എസ്.സി എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് സ്ഥലം വാങ്ങി നൽകിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ വീടു നിർമ്മാണം ആരംഭിച്ചിട്ടില്ല

| പ്രോജക്ട് | അടങ്കൽ | ചെലവ് | ഗുണഭോക്താവിന്റെ പേര് | ധനസഹായം | ബിൽ നമ്പർ/ വൗച്ചർ നമ്പർ |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി എസ്.സി (102/25) | 91,25,000 (വികസന ഫണ്ട് എസ്.സി.പി 10,00,000 +20,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 5,00,000 ബ്ലോക്ക് വിഹിതം +33,00,000 ഹഡ്കോ ലോൺ + ജില്ലാ പഞ്ചായത്ത് വിഹിതം23,25,000 ) | 2960000 | രമ്യ.വി.സി വാർഡ്-14 | 200000 വികസന ഫണ്ട് എസ്.സി.പി | 24502520235011006622/ 30.12.24 |
| | | | ആകെ | 2,00,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-31/24.12.25 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. വീടുനിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-30 ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ വീടുനിർമ്മാണം ആരംഭിച്ചില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി ജനറൽ എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് അഡ്വാൻസ് നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീടു നിർമ്മാണം ആരംഭിച്ചിട്ടില്ല

| പ്രോജക്ട് | അടങ്കൽ | ചെലവ് | ഗുണഭോക്താവിന്റെ പേര് | കരാർ വെച്ചതിയതി | ധനസഹായം | ബിൽ നമ്പർ/ വൗച്ചർ നമ്പർ |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജനറൽ (57/25) | (വികസന ഫണ്ട് ജനറൽ 40,00,000 +80,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് +4,00,000 തനത് ഫണ്ട് +25,00,000 ബ്ലോക്ക് വിഹിതം +ഹഡ്കോ ലോൺ 1,59,00,000 )+ജില്ലാപഞ്ചായത്ത് 40,00,000 | 17713016 | ആമിന മണ്ണിയിൽ വാർഡ്-4 | 14.09.24 | 40000 ഹഡ്കോ ലോണ് | 22400575/12.09.24 |
| | | | ശാന്താകുമാരി പള്ളിക്കാട്ടിൽ വാർഡ്-4 | 10.10.23 | 80000 വികസന ഫണ്ട് ജനറൽ | 2023-24 വർഷം കൈപറ്റി |
| | | | രമ്യ കൊളത്തുമുറി വാർഡ്-22 | 31.05.23 | 40000 തനത് ഫണ്ട് | 22400574/12.09.24 |
| | | | ആകെ | | 1,60,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/24.12.25 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു.വീടു നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 വീട് വാസയോഗ്യമാക്കൽ അർഹമായ ധനസഹായം ഉറപ്പാക്കിയില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പദ്ധിയുടെ ഭാഗമായി വീട് വാസയോഗ്യമാക്കുന്നതിന് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം | ധനസഹായം |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ ജനറൽ(109/25) | 32,93,600 (വികസന ഫണ്ട് ജനറൽ) + 6,400 തനത് ഫണ്ട് | 61 | 30,50,000 |
| ആകെ | 33,00,000 | 61 | 30,50,000 |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ പറയുന്നു.
സർക്കാർഉത്തരവ് (കൈ)115/2022/LSGD/28.5.2022 ഖണ്ഡിക6.7.4 എന്ന ഉത്തരവ് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം അനുവദിക്കുമ്പോൾ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തി കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി അനുവദിക്കണം. തുടർന്ന് മൂല്യ നിർണ്ണയം നടത്തി യഥാർത്ഥ തുക (പ്രൊജക്ട് പ്രകാരം അനുവദനീയമായ തുക) അനവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തുന്നില്ല. ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുക നൽകുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഓവർസിയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുക എല്ലാ ജനറൽ ഗുണഭോക്താക്കൾക്കും 50,000 രൂപയിൽ പരിമിതപ്പെടുത്തി അനുവദിക്കുകയാണ് ചെയ്തത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് മുൻകൂർ തുക അനുവദിച്ചിട്ടില്ല എന്ന് മാത്രമല്ല അർഹമായ ധനസഹായവും അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. ഇത് പദ്ധതി ധന വിനിയോഗ മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് മുൻകൂർ തുകയും അർഹമായ ധനസഹായവും ഉറപ്പുവരുത്തിയിട്ടില്ല. മേൽചൂണ്ടിക്കാണിച്ച അപാകതക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-30/24.12.25 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

**1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 19 | 85000 | 85000 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം. | സർവ്വീസിൽ പ്രവേശിച്ച മാസം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | | | |
| NIL | NA | 0 | 0 | 0 | |

**3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| NIL | NA | 0 | 0 | 0 |

**4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം. | സർവ്വീസിൽ പ്രവേശിച്ച മാസം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|---|
| 1 | മാർച്ച് | 500 | 500 | 0 | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 2024-25 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 554622 | പാലിന് സബ്സിഡി 58/25 | 554622 | 0 |
| | 199515 | തത്തപ്പൂള പാപ്പിനിപ്പാറ റോഡ് പരിഷ്ക്കരണം 100/25 | 199515 | |
| | 160000 | ലൈഫ് ഭവന നിർമ്മാണം SC 102/25 | 160000 | |
| | 1155000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 103/25 | 1155000 | |
| | 288875 | കരുമാഞ്ചേരിപറമ്പ് | 288875 | |

| | | | | |
|---|---|---|---|---|
| | | മേൽമുറി ബൈപ്പാസ് റോഡ് കോൺക്രീറ്റിംഗ് 143/25 | | |
| | 165000 | വാണിജ്യാധിഷ്ഠിത പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി 152/25 | 165000 | |
| | 209715 | പെരിമ്പലം മാങ്ങോട്ടിൽ എസ്.സി. കോളനി റോഡ് സൈഡ് കെട്ടൽ 218/25 | 209715 | |
| | 189599 | തിരുമുമ്പ് മേലേപ്പറമ്പ് കോൺക്രീറ്റിംഗ് 410/25 | 189599 | |
| | 139933 | സ്റ്റേഡിയം പുല്ൽപറമ്പ് റോഡ് കോൺക്രീറ്റിംഗ് 457/25 | 139933 | |
| | 199886 | പന്തല്ലൂർ പള്ളിപ്പടി തോട്ടാശ്ശേരി കുഴിക്കാടൻകുണ്ട് അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് 134/25 | 199886 | |
| ജില്ലാ പഞ്ചായത്ത് | 800000 | ലൈഫ് ഭവന പദ്ധതിജനറൽ, 57/25 | 800000 | |
| | 385000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 103/25 | 385000 | |
| | 200000 | ലൈഫ് ഭവന നിർമ്മാണം SCP, 102/25 | 200000 | |
| | 700000 | മെൻസ്ട്രുൽ കപ്പ് വാങ്ങൽ വനിത 228/25 | 700000 | |
| | 255388 | ഇരുമ്പുഴി ജി എം യു പി എസ് ടോയ്ലറ്റ് നിർമ്മാണം, 259/25 | 255388 | |
| | 1250000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 184/25 | 1250000 | |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കുടുംബശ്രീ കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ- 22/25 | 22401464/29.03.25 | 11425 | 11425 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വാർഡ് 13 ൽ പുവ്വത്തിക്കൽ കുളം റോഡ് കഴുകുന്നുമ്മൽ മല ഭാഗത്തേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ, 51/25 | ബിൽ നം. 315/21.12.24 | 203924 | 203924 | പൂർത്തീകരിച്ചു | 0 |
| കേരളാ വാട്ടർ അതോറിറ്റി | ഗോവിന്ദ മെമ്മോറിയൽ പൈപ്പ് എൽ.പി. സ്കൂൾ പടി പണ്ടാരത്തൊടി റോഡ് പൈപ്പ് ലൈൻ നീട്ടൽ, 198/25 | ബിൽ നം. 403/22.01.25 | 200000 | 200000 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ചേപ്പൂർ ചെക്ക് പോസ്റ്റ് റോഡിൽ സിദ്ദീഖിയ കോളേജ്- കൂട്ടക്കല്ല് റോഡ് എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 437/25 | ബിൽ നം. 316/21.12.24 | 40639 | 40639 | പൂർത്തീകരിച്ചു | 0 |
| കേരളാ വാട്ടർ അതോറിറ്റി | കുടുംബശ്രീ കെട്ടിടത്തിലേക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ - 476/25 | ബിൽ നം. 718/25.03.25 | 15000 | 0 | പൂർത്തീകരിച്ചിട്ടില്ല | 15000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെഉദ്ദേശ്യം | ഉത്തരവ്നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി KURDFC | ലഭ്യമല്ല | 8341696 | 1879696 | 1879696 | | 21494802 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10479189 |
| തൻവർഷംനിക്ഷേപിച്ചതുക | 843699 |
| ആകെ | 11322888 |
| തന്നാണ്ടിൽപിൻവലിച്ചതുക | 0 |

| | |
|---|---|
| *വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 11322888 |

**വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെവിവരം | തുക | രശീതിനം. |
|---|---|---|
| FIXED DEPOSIT കേരള ഗ്രാമീൺ ബാങ്ക് ഇരുമ്പുഴി | 446009 | 714126 തീയതി 19.09.2024 |
| FIXED DEPOSIT ഫെഡറൽ ബാങ്ക്, മഞ്ചേരി | 10816879 | A/C NO. 13650300048573 DT. 06.10.2023 |
| ഷെയർ മലപ്പുറം ജില്ലാ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ് | 5000 | നമ്പർ 1226 തീയതി. 10.12.1993 |
| ഷെയർ മലപ്പുറം ജില്ലാ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ് | 55000 | നമ്പർ 1032 തീയതി. 15.07.2020 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2023-24 | 1-28 | 5215 | ശ്രീമതി നവ്യ എ.പി. (അസിസ്റ്റന്റ് എഞ്ചിനീയർ) കരാറുകാരിൽ നിന്നും പിഴ ഈടാക്കിയത് | 1240201685/12.08.2024 |
| 2023-24 | 1-28-1 | 6770 | ശ്രീമതി നവ്യ എ.പി. (അസിസ്റ്റന്റ് എഞ്ചിനീയർ) കരാറുകാരിൽ നിന്നും പിഴ ഈടാക്കിയത് | 1240201684/12.08.2024 |
| 2023-24 | 1-28-2 | 13743 | ശ്രീമതി നവ്യ എ.പി. (അസിസ്റ്റന്റ് എഞ്ചിനീയർ) കരാറുകാരിൽ നിന്നും പിഴ ഈടാക്കിയത് | 1240201824/22.08.2024 |
| 2023-24 | 1-18 | 12634 | പ്രിൻസിപ്പാൾ, ഖദീജ പബ്ലിക് സ്കൂൾ (തൊഴിൽ നികുതി | 1240203247/05.12.2024 |
| ആകെ | | 38362 | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2005-06 | | തെരുവ് വിളക്ക് സ്ഥാപിക്കൽ | നടപടി തുടരുന്നു |
| 2004-05 | 3-8 | 2007-08 | | സ്ഥലം വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | നടപടി തുടരുന്നു |
| 2014-15 | 2(1),2(2),2(3) | 2016-17 | | ------- | നടപടി തുടരുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 96-97 | 56,58,82 | ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി | LF 13940/ Spl.Cell/ SC5/04/13-1-15 | 10764 | -- | -- | -- | -- | -- | 10764 | |
| 2 | 98-99 | 43 | SC Vallabh, Head Clerk | LF22376/ Spl Cell/ SC5/04/8-7-15 | 7000 | -- | -- | -- | -- | -- | 7000 | |
| 3 | 2005-06 | 3-5 | ജയശങ്കർ, സെക്രട്ടറി | LF 13489/Spl Cell/ SC5/10/4-4-11 | 10857 | 10857/Rt No. 1150140112/ 10-4-15 | -- | -- | -- | -- | 0 | |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം.**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118206958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92212618 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 946696 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,37,867 | ഡോ. ഷബ്ന പർവ്വീൻ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-22 | 28369 | ശ്രീമതി സുമ കെ., ICDS സൂപ്പർവൈസർ |
| 1-27 | 4,80,460 | ശ്രീമതി. രാജശ്രീ ആർ ,സെക്രട്ടറി ഇൻചാർജ് |
| | | |
| ആകെ | 946696/- രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെഎസ്എഎംപിഎം27/2194/2023 തീയതി. 21-03-2024 | 3 |
| 1998-99 | എൽ.എഫ്.എം 7/502/15തീയതി. 29-2-16 | 2 |
| 1999-00 | കെഎസ്എഎംപിഎം27/2194/2023(1) തീയതി. 16-03-2024 | 19 |
| 2000-01 | കെഎസ്എഎംപിഎം27/2194/2023(2) തീയതി. 16-03-2024 | 3 |
| 2002-03 | കെഎസ്എഎംപിഎം27/2194/2023(3) തീയതി. 16-03-2024 | 7 |
| 2003-04 | കെഎസ്എഎംപിഎം27/2194/2023(4) തീയതി. 21-03-2024 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം.27/3101/22(3), തീയതി: 26.05.2023 | 1 |
| 2006-07 | കെഎസ്എഎംപിഎം27/2194/2023(6) തീയതി. 16-03-2024 | 1 |
| 2007-08 | കെഎസ്എഎംപിഎം27/2194/2023(7) തീയതി. 16-03-2024 | 1 |
| 2008-09,2009-10 2010-11 | കെഎസ്എഎംപിഎം27/2194/2023(8) തീയതി. 16-03-2024 | 8 |
| 2011-12,2012-13 | കെഎസ്എഎംപിഎം27/2194/2023(9) തീയതി. 16-03-2024 | 8 |
| 2013-14,14-15 | കെഎസ്എഎംപിഎം27/1198/2016 തീയതി. 16-03-2024 | 9 |
| 2015-16 | കെഎസ്എഎംപിഎം27/2194/2023(11) തീയതി. 16-03-2024 | 2 |
| 2016-17 | കെ.എസ്.എ.എം.പി.എം.27/1401/17, തീയതി: 04.01.2024 | 2 |
| 2017-18 | കെ.എസ്.എ.എം.പി.എം.27/3101/22 തീയതി-07.07.22 | 1 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.എം.പി.എം.27/443/2020 തീയതി: 04.01.2024 | 7 |
| 2019-20 | കെ.എസ്.എ.എം.പി.എം.27/443/2020 തീയതി: 05.07.2023 | 6 |
| 2020-21 | കെ.എസ്.എ.എം.പി.എം.27/3101/22 തീയതി-05.07.22 | 7 |
| 2021-22 | കെ.എസ്.എ.എം.പി.എം.27/439/23 തീയതി-04.01.24 | 10 |
| 2022-23 | കെഎസ്എഎംപിഎം27/2616/2023 തീയതി. 20-02-2024 | 12 |
| 2023-24 | കെഎസ്എഎംപിഎം 27/1648/2024 തീയതി. 07.09.2024 | 24 |

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1/1 dated 30-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Anakayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Anakayam Grama Panchayat as on 31-03-2025

**Date: 23/01/2026** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Anakayam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1)The Asset value shown in Balance Sheet is not traceable to Asset register due to un supported design of existing asset register.
2).Appropriation control registers for specific purpose grants which are booked under the following heads are not kept. Hence, accuracy of ledgers could not be ascertained.

| Sl.No | Head code | Closing Balance as 31/03/25 |
|---|---|---|
| 1 | 320100153 | 160375 |
| 2 | 320100196 | 12730702 |
| 3 | 320100198 | 1861291 |
| 4 | 320200102 | 40000 |
| 5 | 320200105 | 112172 |
| 6 | 320200207 | 8533 |
| 7 | 320200399 | 206984 |
| 8 | 320300199 | 26700 |
| 9 | 320700204 | 250 |
| 10 | 320700205 | 300000 |
| 11 | 320700305 | 2000 |
| 12 | 320700404 | 50000 |
| 13 | 320800101 | 2029976 |
| 14 | 320900101 | 78838 |

3)The following Bank accounts not included in the annual financial statement

| | |
|---|---|
| State Bank of India | 57069410799 |

| | |
|---|---|
| State Bank of India | 57069410552 |
| State Bank of India | 57069410563 |
| State Bank of Travancore | 67011146928 |
| STSB SUB TREASURY, MANJERI | 715021400000008 |
| Urban Co-operative | 101010003295 |
| Urban Co-operative Bank | 8520 |
| Urban Co-operative Bank | 10003 |

4)The following Expenditures in grant items do not match with ACR and AFS .

| grant | ACR | AFS (I6+B3(23-24)-(24-25)) | DIfference |
|---|---|---|---|
| NonRoad(MG) | 11868809 | 9927744+1901692=11829436 | 39373 |
| Tied | 10761021 | 9301772 | 145249 |
| untied | 5433955 | 5389935 | 44020 |

5)bank statements of following bank accounts were not produced for audit.

| Bank account | Amount |
|---|---|
| State bank of india SSA(67011146928) | 406007 |
| KGB Total sanitation(40140100106042) | 4337080 |

6)Advance payment not booked under the correct account head.

7)Grant amount shown as liability in Balance sheet does not match with bank account opened for the specific grant account. Details are given below.

| Sl.No | Head of Account | Closing Balance as per Schedule Bank Account B-4 of Balance Sheet | Closing Balance as per Schedule B-17 of Balance Sheet |
|---|---|---|---|
| 1 | 320100181(TSC) | 3862585 | 4337080 |
| 2 | CFC | 7072200+10792158(TIED + UNTIED)=17864358 | 17039426 |

8)The Receipt in the loan register does not match the annual financial statement.

9)The necessary documents to verify liability titles are not kept.

| | |
|---|---|
| 350200202VAT | 150 |
| 350300103VAT | 72 |

10)Supporting documents for Fixed Assets are not produced.

11)There is a balance of Rs. 101180/- in the Federal Bank account (13650100290797). However, there is no balance as per the passbook in the bank reconciliation statement.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്